# കേരള സർവകലാശാല

നം.പി.ആർ.154/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018
### ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ.,എയ്ഡഡ്,സ്വാശ്രയ,യു.ഐ.റ്റി,ഐ.എച്ച്.ആർ.ഡി) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. ജൂലൈ 09–ാം തീയതി വൈകുന്നേരം 5 മണി മുതൽ ജൂലൈ 16–ാം തീയതി രാവിലെ 10 മണി വരെ മാറ്റങ്ങൾ വരുത്താം. (http://admissions.keralauniversity.ac.in) പുതിയ ഓപ്ഷനുകൾ ചേർക്കാനും, ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും, കാറ്റഗറി മാറ്റം റീവാല്യൂവേഷൻ, ഗ്രേസ് മാർക്ക് തുടങ്ങി മാർക്കുകളിലെ തിരുത്തലുകൾ തുടങ്ങിയവ വരുത്തുവാൻ ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. പേര്,ജനന തീയതി എന്നിവ ഒഴികെ മറ്റു തിരുത്തലുകൾ അപേക്ഷകർക്ക് തന്നെ ചെയ്യാവുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. സർവകലാശാലയിൽ തിരുത്തലിനായി അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സ്വമേധയാ തന്നെ അപേക്ഷയിൽ തിരുത്തൽ വരുത്തേണ്ടതാണ്.ഓരോ കോളേജുകളിലെയും വിവിധ കോഴ്സുകളുടെ ഒഴിവുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. ഏറ്റവും ഒടുവിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ഇൻഡക്സ് മാർക്ക് (Last Index Mark) വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇൻഡക്സ് മാർക്ക് ഈ വിവരവുമായി താരതമ്യപ്പെടുത്തി തങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഓപ്ഷനുകൾ ക്രമീകരിക്കാവുന്നതാണ്.

ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ജൂലൈ 16–ാം തീയതി ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും അവരവരുടെ ഹയർ ഓപ്ഷനിൽ മാറ്റം വരുത്താം. ഒന്നാം ഓപ്ഷനിൽ തന്നെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല.

ഏതെങ്കിലും കാരണവശാൽ അലോട്ട്മെന്റിൽ നിന്നും പുറത്തായ വിദ്യാർത്ഥികൾ ആപ്ലിക്കേഷൻ നമ്പർ , പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം

'Reconsider' എന്ന ഒരു ടാബ്(Tab) ഉപയോഗിച്ച് അവരെ വീണ്ടും പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്. .

മേൽ പറഞ്ഞ കാര്യങ്ങൾക്കായി അപേക്ഷകർ സർവകലാശാലയിൽ നേരിട്ട് സമീപിക്കേണ്ടതില്ല. ഓൺലൈനായി അപേക്ഷയിൽ തിരുത്തൽ വരുത്തിയാൽ മതിയാകും.

നിലവിൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ ഹയർ ഓപ്ഷനുകളിൽ മാറ്റം വരുത്തുവാൻ കഴിയും. മറ്റൊരു തരത്തിലുള്ള തിരുത്തലുകളും സ്വമേധയാ വരുത്തുവാൻ കഴിയില്ല. അങ്ങനെയുള്ളവർ തിരുത്തലുകൾക്ക് സർവകലാശാലയെ സമീപിക്കേണ്ടതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ആരോഗ്യ ഇൻഷ്വറൻസ്

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) സർവകലാശാല ജീവനക്കാരേയും പെൻഷൻകാരേയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തി അനുബന്ധമായി സർക്കാർ നൽകിയിട്ടുള്ള പ്രൊഫോർമ അനുസരിച്ചു വിവരങ്ങൾ ധനകാര്യ (ഐ.ടി/സോഫ്റ്റ് വെയർ) വകുപ്പ് തയാറാക്കുന്ന ഡാറ്റാ ബേസിൽ അടിയന്തരമായി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി kufinance.info എന്ന സൈറ്റിൽ Employee Spot/Pension Spot ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ ജീവനക്കാർക്ക്/പെൻഷൻകാർക്ക് അവരുടേയും ആശ്രിതരുടേയും ഡാറ്റ അപ്‌ലോഡ് ചെയ്യാവുന്നതാണ്. പ്രഫോർമയുടെ പ്രിന്റൗട്ട്, പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 19.07.2018 വൈകുന്നേരം 5.00 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/അക്കൗണ്ട്സ് പെൻഷൻ)-ന് സമർപ്പിക്കേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഡാറ്റ, ഗവൺമെന്റ് സൈറ്റിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനാൽ വിവരങ്ങൾ തെറ്റ് കൂടാതെ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.**

**പെൻഷൻകാർ സൈറ്റിൽ ലോഗിൻ ചെയ്യുന്നതിന്**

**User Id: PPO No.**
**Password: ജനനത്തീയതി (DD/MM/YYYY)**

**ഫാമിലി പെൻഷൻകാർ സൈറ്റിൽ ലോഗിൻ ചെയ്യുന്നതിന് പെൻഷൻ സെക്ഷനുമായി ബന്ധപ്പെടുക (0471-2386297)**

## എം.പി.ഇ, പി.ജി.ഡി.എച്ച്.എഫ്.എം കോഴ്സ് നോട്ടിഫിക്കേഷൻ

**കാര്യവട്ടം എൽ.എൻ.സി.പി യിൽ 2018-19 അദ്ധ്യയനവർഷത്തേക്കുള്ള എം.പി.ഇ, പി.ജി.ഡി.എച്ച്.എഫ്.എം കോഴ്സുകൾക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 25. വിശദവിവരങ്ങളടങ്ങിയ നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ.**

## പി.എച്ച്.ഡി രജിസ്ട്രേഷൻ

ജൂലൈ 2018 സെഷൻ പി.എച്ച്.ഡി രജിസ്ട്രേഷന് മലയാളം വിഭാഗത്തിലും അപേക്ഷിക്കാം. ജൂലൈ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

നാലാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ ആൻഡ് സപ്ലിമെന്ററി ജൂലൈ 2018, രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ ആൻഡ് സപ്ലിമെന്ററി – ആഗസ്റ്റ് 2018 പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 17 വരെയും 50 രൂപ പിഴയോടുകൂടി ജൂലൈ 19 വരെയും 125 രൂപ പിഴയോടു കൂടി ജൂലൈ 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ കേന്ദ്രങ്ങൾ

ജൂലൈ 13 മുതൽ ആരംഭിക്കുന്ന ബി.എ (ആന്വൽ) ബിരുദ പാർട്ട് ഒന്നും, രണ്ടും(റെഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ചില പരീക്ഷാ കേന്ദ്രങ്ങളിലെ മാറ്റം ചുവടെ ചേർക്കുന്നു.

മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ.കോളേജ് ചെമ്പഴന്തിയിലും, യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഓൺലൈൻ ഒന്നാം വർഷ റെഗുലർ പെൺകുട്ടികളും, ഓഫ്ലൈനായി അപേക്ഷിച്ചിട്ടുള്ള പെൺകുട്ടികളും ആൾസെയിന്റ്സ് കോളേജ് തിരുവനന്തപുരത്തും, യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഒന്നാംവർഷ റെഗുലർ ആൺകുട്ടികൾ സെന്റ് സേവ്യേഴ്സ് കോളേജ് തുമ്പയിലും, ഗവ.സംസ്കൃത കോളേജ് തിരുവനന്തപുരം പരീക്ഷാകേന്ദമായി ഓൺലൈനായി അപേക്ഷിച്ച ഇംഗ്ലീഷ്, എക്കണോമിക്സ് മെയിനുകളിലെ പെൺകുട്ടികൾ എൻ.എസ്.എസ് കോളേജ് നീറമൺകരയിലും, ആൾസെയിന്റ്സ് കോളേജ്, ഗവ.വിമൻസ് കോളേജ് തിരുവനന്തപുരം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ എം.ജി കോളേജ് തിരുവനന്തപുരത്തും, ആൾസെയിന്റ്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച പെൺകുട്ടികൾ ആൾ സെയിന്റ്സ് കോളേജിലും, വി.റ്റി.എം. കോളേജ് ധനുവച്ചപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച ഒന്നാം വർഷ റെഗുലർ വിദ്യാർത്ഥികൾ (രജി.നം.3041717001 മുതൽ 3041717213 വരെ) കെ.എൻ.എം. ഗവൺമെന്റ് കോളേജ് കാഞ്ഞിരംകുളം, ഗവ.കോളേജ് നെടുമങ്ങാട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി മെയിൻ വിദ്യാർത്ഥികൾ (ഒന്നാം വർഷം ഓഫ്ലൈൻ ഒഴികെ) ഇക്ബാൽ കോളേജ് പെരിങ്ങമലയിലും, എഫ്.എം.എൻ.കോളേജ് കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ടി.കെ.എം. കോളേജ് കൊല്ലത്തും, സെന്റ് സിറിൾസ് കോളേജ് അടൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ജി.കോളേജ് കൊട്ടാരക്കരയിലും, എസ്.എൻ.കോളേജ് ഫോർ വിമൻസ് കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ.കോളേജ് കൊല്ലത്തും, ക്രിസ്റ്റ്യൻ കോളേജ് ചെങ്ങന്നൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ബിഷപ് മൂർ കോളേജ് മാവേലിക്കരയിലും, സെന്റ് ജോസഫ് കോളേജ് ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ എസ്.ഡി കോളേജ് ആലപ്പുഴിയിലും, എസ്.ഡി കോളേജ് ആലപ്പുഴ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി, സോഷ്യോളജി മെയിൻ പെൺകുട്ടികൾ (ഓഫ്ലൈൻ ഒഴികെ) സെന്റ് ജോസഫ് കോളേജ് ആലപ്പുഴയിലും പരീക്ഷകൾ എഴുതേണ്ടതാണ്.

മറ്റു പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റമില്ല. മാറ്റമുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ജൂലൈ 10 മുതൽ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

തിരുവനന്തപുരം.
09.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098